

# തലമുറകളുടെ ഗുരുവര്യൻ

ഹൈദറലി ശാന്തപുരം

**ജമാഅത്തെ** ഇസ്‌ലാമിയുടെ ആദ്യകാല നേതാവ്, പണ്ഡിതൻ, വാഗ്മി, എഴുത്തുകാരൻ, വിദ്യാഭ്യാസ വിചക്ഷണൻ, ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ മുഖ്യ ശിൽപി, തിരൂർക്കാട് ഇലാഹിയാ കോളേജ് പ്രിൻസിപ്പൽ, പെരുമ്പിലാവ് അൻസാർ സ്ഥാപനങ്ങളുടെ അമരക്കാരൻ, മണ്ണാർക്കാട് ഇർശാദ് കോളേജിന് മേൽനോട്ടം വഹിക്കുന്ന ജംഇയ്യത്തുൽ ഇർശാദ് ട്രസ്റ്റ് ചെയർമാൻ, തലമുറകളുടെ ഗുരുവര്യൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധനായിരുന്നു 2006 ഡിസംബർ 22-ന് നിര്യാതനായ പി. മുഹമ്മദ് അബുൽ ജലാൽ മൗലവി. ബഹുമുഖ വ്യക്തിത്വത്തിന്റെയും വൈവിധ്യമാർന്ന സർഗസിദ്ധികളുടെയും ഉടമയെങ്കിലും ഇസ്‌ലാമിക വിദ്യാഭ്യാസ മേഖലയിലാണ് ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം വിനിയോഗിച്ചത്.

### കുടുംബം, വിദ്യാഭ്യാസം

1929 ജൂലൈ 10-ന് മണ്ണാർക്കാട് താലൂക്കിലെ (പാലക്കാട് ജില്ല) കൊറ്റ്യോട് ഗ്രാമത്തിൽ (പോസ്റ്റ് വിയ്യക്കുർശി) പുളിക്കൽ അലവിയുടെയും ഉമ്മാത്തയുടെയും മകനായി ജനിച്ചു. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുടുംബമായിരുന്നു മൗലവിയുടേത്. മുഹമ്മദ് എന്നാണ് ശരിയായ പേര്.

സ്ഥലത്തെ പ്രാഥമിക വിദ്യാലയത്തിലെ പഠനത്തിനുശേഷം പള്ളിദർസുകളിൽനിന്ന് മതവിജ്ഞാനവും അറബിഭാഷയും അഭ്യസിച്ചു. പുരോഗമനേച്ഛുവും വിജ്ഞാനദാഹിയുമായിരുന്ന മൗലവി പക്ഷേ, പള്ളിദർസിലെ പഠനം കൊണ്ട് തൃപ്തനായില്ല. അക്കാലത്താണ് കേരളത്തിലെ മുസ്‌ലിം വിദ്യാഭ്യാസമണ്ഡലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച പണ്ഡിതനും ഫാറൂഖാബാദ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിൽപിയുമായ മൗലവി അബുസ്സ്വബാഹ് അഹ്മദലി മഞ്ചേരിക്കടുത്ത ആനക്കയത്ത് റൗദത്തുൽ ഉലൂം എന്ന പേരിൽ ഒരു ഇസ്‌ലാമിക വിദ്യാസ്ഥാപനമാരംഭിച്ചത്. 1942-ൽ ആറ് വിദ്യാർഥികളുമായി തുടങ്ങിയ സ്ഥാപനം 1944-ൽ മഞ്ചേരിയിലേക്ക് മാറ്റി. ഫറോക്കിൽ കൂടുതൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമായപ്പോൾ 1948-ൽ റൗദത്ത് അങ്ങോട്ട് പറിച്ചുനട്ടു. കോളേജ് മഞ്ചേരിയിൽ പ്രവർത്തിക്കുന്ന കാലത്ത് അബുൽ ജലാൽ മൗലവിക്ക് സ്ഥാപനത്തെക്കുറിച്ച് വിവരം ലഭിക്കുകയും അവിടെ വിദ്യാർഥിയായി ചേരുകയും ചെയ്തു. ആദർശധീരത, ആത്മവിശ്വാസം, ദീർഘദൃഷ്ടി, നിശ്ചയദാർഢ്യം, സേവന സന്നദ്ധത തുടങ്ങിയ ഉത്കൃഷ്ട ഗുണങ്ങളുടെ ഉടമയായിരുന്ന അബുസ്സ്വബാഹ് മൗലവിയുടെ ശിഷ്യത്വം അബുൽ ജലാൽ മൗലവിയുടെ സ്വഭാവരൂപീകരണത്തിൽ അനൽപമായ സ്വാധീനം ചെലുത്തി. ഈജിപ്തിലെ വിശ്വവിഖ്യാത അൽഅസ്ഹർ യൂനിവേഴ്സിറ്റിയുടെ സന്താനമായ മൗലവി അബുസ്സ്വബാഹ് അറബിഭാഷയിൽ അഗ്രഗണ്യനായിരുന്നു. ആധുനിക അറബി സാഹിത്യവുമായി പരിചയപ്പെടാനും അറബിഭാഷയിൽ പ്രാഗത്ഭ്യം നേടാനും റൗദത്തിലെ വിദ്യാർഥിജീവിതം വഴി സാധിച്ചു. വിശുദ്ധ ഖുർആനിൽ അഗാധജ്ഞാനിയായിരുന്ന അബുസ്സ്വബാഹിൽനിന്ന് ഖുർആനിക വിജ്ഞാനീയങ്ങളിലും അബുൽ ജലാൽ മൗലവി വ്യുൽപത്തി നേടി.

റൗദത്തുൽ ഉലൂം അറബിക്കോളേജിൽനിന്ന് അഫ്ദലുൽ ഉലമാ ബിരുദം നേടിയ ശേഷം 1951-'52 വർഷങ്ങളിൽ അവിടെത്തന്നെ അധ്യാപകനായി സേവനമനുഷ്ഠിക്കുകയുണ്ടായി.

### പ്രസ്ഥാനത്തിലേക്ക്

റൗദത്തുൽ ഉലൂം മഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന കാലത്താണ് അബുൽ ജലാൽ മൗലവി ജമാഅത്തെ ഇസ്‌ലാമിയുമായി പരിചയപ്പെടുന്നത്. അക്കാലത്ത് ഹാജി വി.പി മുഹമ്മദലി സാഹിബ് ഇടക്കിടെ കോളേജ് സന്ദർശിക്കുകയും അധ്യാപകരും വിദ്യാർഥികളുമായി ആശയവിനിമയം നടത്തുകയും ചെയ്തിരുന്നതായി എം.പി അബ്ദുർറഹ്മാൻ കുരിക്കൾ (മഞ്ചേരി) ഓർക്കുന്നു. അതുവഴി മൗലവിക്ക് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദ്യ ശബ്ദം ശ്രവിക്കാൻ സാധിച്ചു. എന്നാൽ 1949-ലാണ് വളാഞ്ചേരിയിലെ ജമാഅത്ത് ഓഫീസിൽ പോയി ഹാജി സാഹിബുമായി സുദീർഘമായ 'മുലാഖാത്ത്' നടത്തിയതെന്ന് മൗലവി തന്നോട് നേരിട്ട് പറഞ്ഞതായി ആദ്യകാല ഇസ്‌ലാമിക പ്രവർത്തകൻ എ.എം അബൂബക്കർ സാഹിബ്(മലപ്പുറം) ഓർക്കുന്നു.

1953 ആദ്യത്തിൽ അബുൽ ജലാൽ മൗലവി ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമായി. അതേവർഷം നവംബറിൽ സംസ്ഥാന ശൂറാംഗമായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പ്രസ്ഥാനത്തിന്റെ ഘടനാ രംഗത്ത് പല മാറ്റങ്ങൾക്കും തുടക്കം കുറിച്ച കാലമായിരുന്നു അത്. ജമാഅത്തെ ഇസ്‌ലാമിയുടെ സംസ്ഥാന അധ്യക്ഷന് അതുവരെ ഉപയോഗിച്ചുവന്നിരുന്ന ഖയ്യിം എന്ന പ്രയോഗം മാറ്റി അമീർ എന്ന് ഉപയോഗിക്കാൻ തുടങ്ങിയതും സംസ്ഥാന ശൂറാ നിലവിൽവന്നതും ആ വർഷമാണ്.

മൗലവി ജമാഅത്തിൽ അംഗമായതിനുശേഷം ഹാജി സാഹിബിന്റെ നിർ

ദേശാനുസൃതം റൗദത്തുൽ ഉലൂം അറ
ബിക്കോളേജിലെ അധ്യാപകവൃത്തി ഒഴി
വാക്കുകയും പ്രസ്ഥാന പ്രവർത്തന
ത്തിൽ നിരതനാവുകയും ചെയ്തു. മട്ടാ
ഞ്ചേരി കേന്ദ്രമാക്കി കൊച്ചിയിലും പരി
സരപ്രദേശങ്ങളിലും അദ്ദേഹം മൂന്നു
വർഷക്കാലം ജമാഅത്തെ ഇസ്‌ലാമിയു
ടെ മുഴുസമയ പ്രവർത്തകനായി പ്രവർ
ത്തിച്ചിട്ടുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനത്തി
ന്റെ ആദ്യകാല കേന്ദ്രങ്ങളിൽ ഒന്നായ
കൊച്ചി മേഖലയിൽ ജമാഅത്തിന് ശക്ത
മായ വേരോട്ടമുണ്ടാക്കുന്നതിൽ മൗലവി
യുടെ അക്ഷീണശ്രമങ്ങൾ വലിയ പങ്ക്
വഹിക്കുകയുണ്ടായി.

## ഉജ്ജ്വല വ്യക്തിത്വം

ഉജ്ജ്വല വ്യക്തിത്വത്തിന്റെ ഉടമയാ
യിരുന്നു അബുൽ ജലാൽ മൗലവി. യു
വാവായിരിക്കെത്തന്നെ ഇരുത്തം വന്ന
ഒരു പണ്ഡിതന്റെ തലയെടുപ്പും ഗാംഭീ
ര്യവുമുണ്ടായിരുന്നു. എ.എം അബൂബ
ക്കർ സാഹിബ് തന്റെ അനുഭവം വിവരി
ക്കുന്നു: "1953-ൽ മഞ്ചേരിയിൽ വെച്ചാണ്
അബുൽ ജലാൽ മൗലവിയെ ആദ്യമായി
കാണുന്നത്. 24/25 വയസ്സുകാരനെങ്കിലും
ഗൗരവം സ്ഫുരിക്കുന്ന ഘനഗംഭീരനായ
വലിയ ആളായിട്ടാണ് തോന്നുക. ലഘു
വായ താടിയുണ്ട്. കറുത്ത തൊപ്പി ധരി
ച്ചിരിക്കുന്നു. അന്നുതന്നെ അദ്ദേഹം അറി
യപ്പെടുന്ന പണ്ഡിതനായിരുന്നു. മഞ്ചേരി
അന്ന് ജമാഅത്തിന്റെ മലപ്പുറം ജില്ലയി
ലെ ഒരു പ്രധാന കേന്ദ്രമായിരുന്നു. കെ.
കെ അലി സാഹിബി(കുഞ്ഞാലൻ മാ
സ്റ്റർ)ന്റെ നേതൃത്വത്തിൽ എം.പി അബ്
ദുർറഹ്മാൻ കുരിക്കൾ, വല്ലാഞ്ചിറ ബാ
പ്പുക്ക, മാനു കാക്ക തുടങ്ങിയവരായിരു
ന്നു അക്കാലത്തെ പ്രധാന പ്രവർത്തകർ.
ഹാജി സാഹിബ്, കെ.സി. അബ്ദുല്ല മൗ
ലവി, ടി. മുഹമ്മദ് സാഹിബ് തുടങ്ങിയ
നേതാക്കൾ വന്ന് ദിവസങ്ങളോളം ക്യാ
മ്പ് ചെയ്യുകയും പ്രസ്ഥാനവുമായി ബ
ന്ധപ്പെട്ട വ്യക്തികളെ വളർത്തിക്കൊണ്ടു
വരികയും ജമാഅത്തിനെ പരിചയപ്പെടു
ത്തുന്ന പരിപാടികൾ സംഘടിപ്പിക്കുക
യും പതിവായിരുന്നു."

അബൂബക്കർ സാഹിബ് തുടർന്നു:
"ഒരു ദിവസം അബുൽ ജലാൽ മൗലവി
യും മഞ്ചേരിയിലെത്തി. പി. മുഹമ്മദ് മൗ
ലവി (കൊറ്റ്യോട്) എന്ന പേരിലാണദ്ദേ
ഹം അറിയപ്പെട്ടിരുന്നത്. അബുൽ ജ
ലാൽ എന്ന പേര് പിൽക്കാലത്ത് സ്വീക
രിച്ചതാണ്. മൗലവിയുടെ പരിപാടി സം
ബന്ധിച്ച നോട്ടീസ് തയാറാക്കാനുള്ള ചു
മതല എനിക്കായിരുന്നു. പ്രസ്സിൽ അച്ച
ടിക്കുന്നതിനു പകരം കടലാസ് പെൻ
സിൽ കൊണ്ട് എഴുതുകയായിരുന്നു അ
ന്ന്. അബുൽ ജലാൽ മൗലവിയുടെ മ
ഞ്ചേരി പരിപാടിക്കു വേണ്ടി തയാറാക്കി
യ നോട്ടീസിന്റെ മാറ്റർ ഇപ്പോഴും ഓർ
ക്കുന്നു: 'ഒരു നല്ല പണ്ഡിതനും എഴുത്തു
കാരനും വാഗ്മിയുമായ ജനാബ് പി. മുഹ
മ്മദ് മൗലവി (കൊറ്റ്യോട്) മഞ്ചേരി ജമാ
അത്തെ ഇസ്‌ലാമി ഓഫീസിൽ.... ദിവ
സങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. ജമാ
അത്തെ ഇസ്‌ലാമിയെക്കുറിച്ച് അറിയാൻ
ആഗ്രഹിക്കുന്നവരും സംശയങ്ങൾ ദൂരീ
കരിക്കാൻ ഉദ്ദേശിക്കുന്നവരുമായ ആളു
കൾക്ക് അദ്ദേഹവുമായുള്ള അഭിമുഖ
സംഭാഷണത്തിന് സന്ദർഭമുണ്ടായിരിക്കു
ന്നതാണ്... ദിവസങ്ങളിൽ അദ്ദേഹത്തി
ന്റെ പ്രസംഗവും ഉണ്ടായിരിക്കുന്നതാണ്.
എല്ലാ സത്യാന്വേഷികളും സമാധാന
കാംക്ഷികളുമായ ആളുകളെ അതിലേ
ക്കായി ക്ഷണിക്കുന്നു.' അച്ചടിച്ചെലവായ
രണ്ടോ മൂന്നോ ഉറുപ്പിക ലാഭിക്കാൻ കട
ലാസ് പെൻസിൽ കൊണ്ട് ഇരുനൂറോ
മൂന്നൂറോ കോപ്പി ഇങ്ങനെ എഴുതിയു
ണ്ടാക്കും. പിന്നീട് പ്രത്യേകം തെരഞ്ഞെ
ടുത്ത ആളുകളെ ഓഫീസിലേക്ക് ക്ഷണി
ക്കും. ദീർഘമായ സമയം മൗലവിയുമാ
യി മുലാഖാത്തുണ്ടാവും. വന്ന ആളുകൾ
ക്ക് പരിപാടി ഹൃദ്യമായിരിക്കും. പൊതു
പ്രസംഗം അതിതീക്ഷ്ണവും ഘനഗംഭീ
രവുമായിരിക്കും. മൂന്നോ നാലോ മണി
ക്കൂറാണ് അന്നത്തെ പ്രസംഗം.

"മഞ്ചേരിയിൽ ഹാജി സാഹിബ് ച
രിത്രപ്രസിദ്ധമായ ഒരു പ്രസംഗം ചെയ്
തത് അക്കാലത്താണ്. നാലു മണിക്കൂർ
നീണ്ടുനിന്ന പ്രസംഗം. കേട്ടവർ ഒറ്റ
നിൽപിൽ അത് നിന്നു കേട്ടതാണ്. അ
ത്യസാധാരണമായിരുന്നു ആ പ്രസംഗം.
അങ്ങനെയൊരു പ്രസംഗം മുമ്പും പി
മ്പും കേട്ടിട്ടില്ല."

## ശാന്തപുരം കോളേജിന്റെ മുഖ്യ ശിൽപി

1955-ൽ സ്ഥാപിതമായ ശാന്തപുരം
ഇസ്‌ലാമിയാ കോളേജിനെ ഉന്നത കലാ
ലയമായി വളർത്തുന്നതിൽ അബുൽ ജ
ലാൽ മൗലവിയുടെ പങ്ക് അദ്വിതീയമാ
ണ്. 1953-ൽ ആരംഭിച്ച ശാന്തപുരം അൽ
മദ്റസത്തുൽ ഇസ്‌ലാമിയ്യയാണ് ശാന്ത
പുരം ഇസ്‌ലാമിയാ കോളേജായി ഉയർ
ത്തപ്പെട്ടത്. മദ്റസ സ്ഥാപിച്ചതിന്റെ ചരി
ത്ര പശ്ചാത്തലം വിവരിച്ചുകൊണ്ട് മർ
ഹൂം എ.കെ അബ്ദുൽ ഖാദിർ മൗലവി
എഴുതുന്നു: "ഏറ്റവും പ്രശസ്തമായ നി
ലയിൽ ഇന്നിവിടെ നടന്നുവരുന്ന ശാന്ത
പുരം ഇസ്‌ലാമിയാ കോളേജിന്റെ പൂർവ
കാല ചരിത്രത്തിലേക്ക് കണ്ണോടിക്കു
മ്പോൾ അല്ലാഹുവെ നാം ആയിരമായി
രം സ്തുതിക്കേണ്ടതുണ്ട്. പത്തിരുപത്
ചെറു വിദ്യാർഥികളെക്കൊണ്ട് മുമ്പുത
ന്നെ നടന്നുവന്നിരുന്ന പള്ളിദർസിൽ 1951
-ൽ ഈയുള്ളവൻ ഒരു മദർരിസായി നി
യമിക്കപ്പെട്ടു. അങ്ങനെ ആ ദർസ് നട
ന്നുകൊണ്ടിരിക്കുമ്പോഴാണ് ഒരു മദ്റസ
യുടെ ആവശ്യകത നാട്ടുകാരിൽ ശക്തി
യായി ഉയർന്നുവന്നത്. സന്ദർഭവശാൽ
അന്നൊരു ദിവസം ഹാജി വി.പി മുഹ
മ്മദലി സാഹിബും ജനാബ് ഇസ്സുദ്ദീൻ
മൗലവിയും സ്ഥലത്ത് വരികയും ഹാജി
സാഹിബിന്റെ അധ്യക്ഷതയിൽ നാട്ടുകാ
രുടെ ഒരു യോഗം പള്ളിയിൽ വെച്ച് ചേ
രുകയും ചെയ്തു. പ്രസ്തുത യോഗ
ത്തിൽ മദ്റസയുടെ പ്രശ്നം ആലോച
നക്ക് വെച്ചു. പള്ളിക്ക് സമീപം സ്ഥിതി
ചെയ്യുന്നതും ഇപ്പോൾ കോളേജിന്റെ പഴ
യ കെട്ടിടങ്ങൾ നിൽക്കുന്നതുമായ സ്ഥ
ലം അതിന്റെ അവകാശികൾ വഖ്ഫ് ചെ
യ്യാനും നാട്ടിലെ പ്രധാനികളായ അഞ്ച്
വ്യക്തികൾ തങ്ങളുടെ സ്വന്തം ചെല
വിൽ പ്രസ്തുത സ്ഥലത്ത് മദ്റസക്കാ
വശ്യമായ ബിൽഡിംഗുകളുണ്ടാക്കി
ക്കൊടുക്കാനും ഭരമേറ്റു. അധികം താമ
സിയാതെത്തന്നെ തൽഭാരവാഹികൾ അ
വരുടെ ചുമതല ഭംഗിയായി നിർവഹി
ച്ചു...." (ശാന്തപുരം ഇസ്‌ലാമിയാ കോ
ളേജ് ഉപഹാരഗ്രന്ഥം 1964).

മുള്ള്യാകുർശി പ്രാദേശിക മദ്റസ
ശാന്തപുരം ഇസ്‌ലാമിയാ കോളേജായി
ഉയർത്തപ്പെട്ടതിന്റെ പശ്ചാത്തലം എ.കെ
തന്നെ വിവരിക്കുന്നു: "കാലഘട്ടത്തിന്റെ
വെല്ലുവിളികളെ പണ്ഡിതോചിതം നേരി
ട്ടുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനത്തെ മു
ന്നോട്ടു നയിക്കാൻ കരുത്തുറ്റ പ്രവർത്ത
കരുടെ കുറവ് പ്രസ്ഥാനത്തിന് നേരിടേ
ണ്ടിവന്ന വലിയ ഒരു പ്രതിസന്ധിയായി
രുന്നു. സമ്പത്തിന്റേയല്ല, മറിച്ച് പ്രാപ്ത
രായ പ്രവർത്തകരുടെ ക്ഷാമമാണ് നമു
ക്കിന്ന് ഏറ്റവും ശക്തിയായി അനുഭവപ്പെ
ടുന്നതെന്ന് തന്റെ സഹപ്രവർത്തകരെ
ഹാജി സാഹിബ് ഇടക്കിടെ ഉണർത്താ
റുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാ
ണ് അദ്ദേഹം തന്നെ ശിലാസ്ഥാപനകർ
മം നിർവഹിച്ച മുള്ള്യാകുർശി അൽ മദ്
റസത്തുൽ ഇസ്‌ലാമിയ്യയും അതിന്റെ സ്വ
ത്തുവഹകളും നാട്ടുകാർ ഇസ്‌ലാമിക പ്ര
സ്ഥാനത്തിന് വിട്ടുതന്നത്. അതോടൊ
പ്പം തന്നെ തങ്ങളുടെ പരിപൂർണമായ സ
ഹകരണവും അവർ പ്രസ്ഥാനത്തിന് വാ
ഗ്ദാനം ചെയ്തു. അങ്ങനെ 1955-ൽ മല
പ്പുറത്തെ നൂറടിപ്പാലത്ത് ചേർന്ന ജമാ
അത്തെ ഇസ്‌ലാമി സമ്മേളനത്തിൽ വെ
ച്ച് മുള്ള്യാകുർശി അൽ മദ്റസത്തുൽ ഇ
സ്‌ലാമിയ്യ 'ശാന്തപുരം ഇസ്‌ലാമിയാ
കോളേജ്' ആയി പ്രഖ്യാപിക്കപ്പെട്ടു. ഇ
സ്‌ലാമിക പ്രസ്ഥാനത്തിന്റെ ഉന്നത നേ
താക്കളിലെ പ്രഗത്ഭനും കേരളത്തിലെ
മേലേക്കിട പണ്ഡിതന്മാരിലൊരാളുമായി
രുന്ന മർഹൂം വി.കെ.എം ഇസ്സുദ്ദീൻ മൗ
ലവി മുള്ള്യാകുർശി പ്രദേശത്തിന് ശാന്ത
പുരം എന്ന് പേര് നൽകിയതും ഈ യോ
ഗത്തിൽ വെച്ചായിരുന്നു" (ഇസ്‌ലാമിയാ
കോളേജ് ശാന്തപുരം സിൽവർ ജൂബിലി
സുവനീർ -1984).

മദ്റസയിലെ പ്രധാനാധ്യാപകനാ

യിരുന്ന എ.കെ അബ്ദുല്‍ ഖാദിര്‍ മൗലവി തന്നെയായിരുന്നു ശാന്തപുരം കോളേജിന്റെ പ്രഥമ പ്രിന്‍സിപ്പല്‍. 1956-ലാണ് അബുല്‍ ജലാല്‍ മൗലവി പ്രിന്‍സിപ്പലായി നിയമിതനായത്. കേരളത്തിലെ ഇസ്‌ലാമിക വിദ്യാഭ്യാസരംഗത്ത് തികച്ചും നൂതനമായ ഒരു പാത വെട്ടിത്തെളിച്ച് കാലത്തിന്റെ വെല്ലുവിളികളെ നെഞ്ചൂക്കോടെ നേരിടാന്‍ കെല്‍പുറ്റ തലമുറകളെ വാര്‍ത്തെടുക്കുക എന്ന ശ്രമകരമായ ദൗത്യമാണ് മൗലവിക്ക് നിര്‍വഹിക്കാനുണ്ടായിരുന്നത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ആളും അര്‍ഥവും പരിമിതമായ കാലഘട്ടം. വിദ്യാര്‍ഥികളെയും അധ്യാപകരെയും ആകര്‍ഷിക്കാന്‍ ഭൗതികമായ ഒന്നുമില്ല. തളരാത്ത ആത്മവിശ്വാസവും ത്യാഗസന്നദ്ധതയും ഒരു നല്ല നാളെയെക്കുറിച്ച സ്വപ്നങ്ങളുമാണ് പ്രതിസന്ധികളെ അതിജീവിക്കാനും വൈതരണികളെ മറികടക്കാനും അബുല്‍ ജലാല്‍ മൗലവിയെ ശക്തനാക്കിയത്.

വിദ്യാര്‍ഥികളുടെ ഭക്ഷണം, അധ്യാപകരുടെ വേതനം തുടങ്ങിയവക്ക് വക കണ്ടെത്തുക വലിയ പ്രശ്നമായിരുന്നു. പിടിയരി, നാളികേരം, പച്ചക്കറികള്‍ എന്നിവ നല്‍കി നാട്ടുകാര്‍ പരമാവധി സഹകരിച്ചിരുന്നുവെങ്കിലും അതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കാന്‍ സാധിച്ചിരുന്നില്ല. വ്യക്തികളില്‍നിന്ന് സംഖ്യയും പീടികകളില്‍നിന്ന് ആവശ്യവസ്തുക്കളും കടം വാങ്ങിയാണ് ദൈനംദിന ചെലവുകള്‍ നിവര്‍ത്തിച്ചിരുന്നത്. ഒരു പരിചയവുമില്ലാത്തവരില്‍നിന്നുപോലും കോളേജാവശ്യാര്‍ഥം മൗലവിക്ക് ചെറിയ സംഖ്യകള്‍ കടം വാങ്ങേണ്ടിവന്നിട്ടുണ്ട്. ശാന്തപുരത്തുകാര്‍ എപ്പോഴും അനുസ്മരിക്കുന്ന ഒരു സംഭവമുണ്ട്: അബുല്‍ ജലാല്‍ മൗലവി ഒരിക്കല്‍ പെരിന്തല്‍മണ്ണയിലെ മദ്രാസ് കഫെ എന്ന ഹോട്ടലില്‍ കയറി ചായ കുടിച്ച് കാശ് കൊടുക്കുമ്പോള്‍ ഒരു മുന്‍പരിചയവുമില്ലാത്ത ഹോട്ടല്‍ ഉടമയോട് പറഞ്ഞു: 'നിങ്ങള്‍ ഒരു നൂറ് രൂപ തരൂ. ഇന്ന് കുട്ടികള്‍ക്ക് ഭക്ഷണത്തിന് ഒന്നുമില്ല.' ഹോട്ടലുടമ ഒന്നുമാലോചിക്കാതെ സംഖ്യ എടുത്തുകൊടുത്തു. മൗലവി അത് വാങ്ങി പുറത്തിറങ്ങി. ഉടനെ ഹോട്ടലിലേക്കുതന്നെ തിരിച്ചുചെന്ന്, 'ഞാന്‍ ശാന്തപുരം കോളേജിന്റെ ആളാണെ'ന്നും കോളേജിലെ വിദ്യാര്‍ഥികളുടെ ഭക്ഷണത്തിനാണ് സംഖ്യ ചോദിച്ചതെന്നും അത് ഉടനെ തിരിച്ചുതരുമെന്നും അറിയിച്ചു. ശുഭ്രവസ്ത്രധാരിയായ, ധനാഢ്യനെപ്പോലെ തോന്നിക്കുന്ന ആ മനുഷ്യന്‍ കുട്ടികള്‍ക്കിന്ന് ഒന്നും കൊടുക്കാനില്ലെന്ന് പറഞ്ഞപ്പോള്‍ നൂറുറുപ്പിക എടുത്ത് കൊടുക്കാന്‍ എനിക്ക് ഒട്ടും ആലോചിക്കാനുണ്ടായിരുന്നില്ലെന്ന് ആ സംഭവത്തെക്കുറിച്ച് ഹോട്ടലുടമ പലരോടും പറയാറുണ്ടായിരുന്നു.

എ.എം അബൂബക്കര്‍ സാഹിബ് അനുസ്മരിക്കുന്നു: "ശമ്പളം കൃത്യമായി നല്‍കാന്‍ കഴിഞ്ഞിരുന്നില്ല. അധ്യാപകര്‍ ശമ്പളമായിരുന്നില്ല, നാട്ടില്‍ പോകാന്‍ ബസ്സിനുള്ള കാശായിരുന്നു പലപ്പോഴും ചോദിച്ചിരുന്നത്. ചിലപ്പോള്‍ മൗലവി ബാഗെടുത്ത് പുറപ്പെടാനിരിക്കുമ്പോഴായിരിക്കും ഒരധ്യാപകന്‍ നാട്ടില്‍ പോകാന്‍ അനുവാദം ചോദിച്ചു വരിക. അപ്പോള്‍ മൗലവി തന്റെ യാത്രക്കുള്ള കാശ് അദ്ദേഹത്തിന് നല്‍കി സ്വന്തം യാത്ര നീട്ടിവെച്ച അനുഭവങ്ങളുണ്ടായിട്ടുണ്ട്. പലപ്പോഴും കോളേജ് റമദാനവധിക്ക് പൂട്ടുമ്പോള്‍ അധ്യാപകര്‍ക്ക് ശമ്പളം നല്‍കാന്‍ സാധിക്കാതെ, സംഭാവന പിരിവിനുള്ള രശീതി ബുക്ക് നല്‍കും. പിരിച്ചുകിട്ടിയ സംഖ്യയില്‍നിന്ന് ശമ്പളക്കുടിശ്ശിക കഴിച്ചുള്ള തുക നല്‍കിയാല്‍ മതി, പിന്നീട് കോളേജ് തുറക്കുമ്പോള്‍."

ഇരുപത്തിയേഴാം വയസ്സിലാണ് ശാന്തപുരത്തിന്റെ അമരക്കാരനായി അബുല്‍ ജലാല്‍ മൗലവി എത്തുന്നത്. സ്ഥാപനത്തിന്റെ മാത്രമല്ല നാടിന്റെയും പ്രസ്ഥാനത്തിന്റെയും അമരക്കാരന്‍. താന്‍ ഏല്‍പിക്കപ്പെട്ട ഭാരിച്ച ബാധ്യതയെക്കുറിച്ച് വ്യക്തമായി ബോധ്യമുണ്ടായിരുന്നു അദ്ദേഹത്തിന്. താന്‍ വളര്‍ത്തിക്കൊണ്ടുവരേണ്ട തലമുറയെക്കുറിച്ചും. അപാരമായ ആസൂത്രണപാടവവും ആജ്ഞാശക്തിയുമുണ്ടായിരുന്നു മൗലവിക്ക്. കോളേജും നാടും പ്രസ്ഥാനവും തമ്മിലുള്ള ഇഴമുറിയാത്ത ബന്ധം അത് സുദൃഢമാക്കി. തലമുറകളുടെ നിര്‍മാണ പ്രക്രിയയില്‍ സഹകാരികളാവാന്‍ കിട്ടാവുന്നവരില്‍ ഏറ്റവും കെല്‍പുറ്റവരും നിസ്വാര്‍ഥരും അര്‍പ്പണബോധമുള്ളവരുമായ ഒരു സംഘത്തെ അദ്ദേഹം തേടിപ്പിടിച്ചു. ടി. ഇസ്ഹാഖലി മൗലവി, എന്‍.കെ. അബൂബക്കര്‍ മൗലവി, പി.കെ അബ്ദുല്ല മൗലവി, എന്‍.കെ അബ്ദുല്‍ ഖാദിര്‍ മൗലവി, കെ. അബ്ദുല്‍ ഖാദിര്‍ മൗലവി, എം. മുഹമ്മദ് മൗലവി, എന്‍. മുഹമ്മദ് ശരീഫ് മൗലവി, പി. മുഹമ്മദ് മൗലവി, ടി. മുഹമ്മദ് മൗലവി, എ.പി. അബ്ദുല്ല സാഹിബ്, കെ.എം അബ്ദുര്‍റഹീം സാഹിബ്, കെ.എ സ്വാലിഹ് സാഹിബ്, സി.പി കുട്ട്യാലി സാഹിബ് തുടങ്ങി ആ പട്ടിക നീണ്ടുപോകുന്നു. വിവിധ മേഖലകളില്‍ അറിവും അനുഭവവുമുള്ളവരുടെ ഒരു കൂട്ടായ്മ. ഇടക്കിടെ സ്റ്റാഫ് യോഗങ്ങള്‍, കൂടിയാലോചനകള്‍. ലോവര്‍ പ്രൈമറി സ്കൂളിലെ അഞ്ചാം ക്ലാസ് കഴിഞ്ഞ് പതിനൊന്നാം വയസ്സില്‍ കോളേജില്‍ ചേരുന്ന വിദ്യാര്‍ഥികളെ പതിനൊന്നു വര്‍ഷത്തെ പഠനപരിശീലനത്തിനു ശേഷം സമര്‍ഥരായ പണ്ഡിതരും പ്രബോധകരുമാക്കി പുറത്തിറക്കുകയെന്ന ക്ലേശപൂര്‍ണമായ യജ്ഞമാണ് അവര്‍ക്ക് നിര്‍വഹിക്കാനുണ്ടായിരുന്നത്. അബുല്‍ ജലാല്‍ മൗലവിയുടെ ശക്തമായ നേതൃത്വത്തില്‍ കഠിന പ്രയത്നത്തിലൂടെ അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അതിനു സാധിക്കുകയുണ്ടായി.

പ്രതിസന്ധികളെ അതിജീവിക്കാനുള്ള കഴിവ് അപാരമായിരുന്നു മൗലവിക്ക്. ഒരു സംഭവം ഓര്‍മ വരുന്നു: 1964-ല്‍ കോളേജിന്റെ വിപുലമായ ഒരു വാര്‍ഷിക സമ്മേളനം നടന്നു. പ്രസ്ഥാന പ്രവര്‍ത്തകര്‍ കോളേജ് വാര്‍ഷികത്തെ ജമാഅത്തിന്റെ സംസ്ഥാന സമ്മേളനത്തിന് സമാനമായി കരുതി പ്രവര്‍ത്തിച്ചു. ജനസഹസ്രങ്ങള്‍ ശാന്തപുരത്തേക്കൊഴുകി. പ്രസ്ഥാന നേതാക്കളുടെ പ്രഭാഷണങ്ങള്‍ക്കു പുറമെ വിദ്യാര്‍ഥികളുടെ ആകര്‍ഷകമായ വൈജ്ഞാനിക-കലാപരിപാടികളുമുണ്ടായിരുന്നു. സംഗീതോപകരണങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയില്ലാതെ നടത്തിയ പരിപാടികള്‍ അവിസ്മരണീയമായിരുന്നു. ശ്രോതാക്കളെ ഏറ്റവും കൂടുതല്‍ ആകര്‍ഷിച്ചത് മോഡല്‍ പാര്‍ലമെന്റായിരുന്നു. അബുല്‍ ജലാല്‍ മൗലവിയുടെ നേതൃത്വത്തിലുള്ള ഗുരുനാഥന്മാരുടെ കഠിനാധ്വാനമാണ് പരിപാടിയെ ആകര്‍ഷകമാക്കിയത്.

ശാന്തപുരം ഇസ്‌ലാമിയാ കോളേജ് ഉപഹാരഗ്രന്ഥം എന്ന പേരില്‍ ആദ്യമായി സുവനീര്‍ പ്രസിദ്ധീകരിച്ചതും പ്രസ്തുത വാര്‍ഷികത്തോടനുബന്ധിച്ചാണ്.

വിദ്യാര്‍ഥികളെ വൈജ്ഞാനികമായി വളര്‍ത്തുന്നതിനു പുറമെ അവരെ കര്‍മരംഗത്തിറക്കി പരിശീലിപ്പിക്കുക കൂടി ചെയ്തിരുന്നു അക്കാലത്ത്. ശാന്തപുരത്തും പരിസരപ്രദേശങ്ങളിലും നടന്നിരുന്ന പല പൊതു ക്ലാസ്സുകളും -വനിതാ ക്ലാസ്സുകളടക്കം- നടത്തിയിരുന്നത് വിദ്യാര്‍ഥികളായിരുന്നു. ഒഴിവുദിനങ്ങളിലെ സ്ക്വോഡ് പ്രവര്‍ത്തനങ്ങള്‍ക്കു പുറമെ ജമാഅത്ത് പ്രചാരണ യോഗങ്ങള്‍, ഫര്‍ക്കാ സമ്മേളനങ്ങള്‍ മുതലായ പരിപാടികള്‍ വിജയിപ്പിക്കുന്നതില്‍ അവരുടെ പങ്ക് വലുതായിരുന്നു.

വിദ്യാര്‍ഥികളില്‍ സേവന സന്നദ്ധതയും അധ്വാനശീലവും വളര്‍ത്തുന്നതിലും സ്ഥാപനം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കോളേജ് കോമ്പൗണ്ടില്‍ കപ്പയും പച്ചക്കറികളും കൃഷി ചെയ്ത് ഭക്ഷണച്ചെലവിന്റെ ഭാരം കുറക്കുക വിദ്യാര്‍ഥികള്‍ക്ക് ഹരമായിരുന്നു. ജലക്ഷാമം നേരിട്ടപ്പോള്‍ നാട്ടുകാരുടെ സഹകരണത്തോടെ അധ്യാപകരും വിദ്യാര്‍ഥികളും ശ്രമദാനമായി പണിത കുളമാണ് ഇന്നും വിദ്യാര്‍ഥികള്‍ കുളിക്കാനും അലക്കാനും ഉപയോഗിക്കുന്നത്.

അബുല്‍ ജലാല്‍ മൗലവി പ്രിന്‍സിപ്പലായ കാലത്താണ് കോളേജില്‍ ആദ്യമായി വിദ്യാര്‍ഥി ഹല്‍ഖ രൂപീകരിച്ചത്. ആദ്യത്തെ വിദ്യാര്‍ഥി ഹല്‍ഖാ നാസിം

പി. അഹ്മദ് കുട്ടി (പെരിന്താറ്റിരി)യും സെക്രട്ടറി ഈ ലേഖകനുമായിരുന്നു.

വിവിധ വിദേശ നാടുകളിലെ വിദ്യാഭ്യാസ മന്ത്രാലയങ്ങളുമായും യൂനിവേഴ്സിറ്റികളുമായും ബന്ധപ്പെട്ട് ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പാഠ്യപദ്ധതിക്ക് അംഗീകാരം നേടുകയും ശാന്തപുരത്തെ വിദ്യാർഥികൾക്ക് വിദേശ യൂനിവേഴ്സിറ്റികളിൽ പഠിക്കാൻ സൗകര്യമൊരുക്കുകയും ചെയ്തത് അബുൽ ജലാൽ മൗലവിയായിരുന്നു. അങ്ങനെ 1968 ഡിസംബർ 10-ാം തീയതി ശാന്തപുരത്തിന്റെ മൂന്ന് സന്തതികൾ ആദ്യമായി മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ ചേർന്നു. ടി.കെ ഇബ്റാഹീം (ശിവപുരം), വി.പി അഹ്മദ് കുട്ടി (എടയൂർ), ഈ കുറിപ്പുകാരൻ എന്നിവരാണ് ആ സംഘത്തിലുണ്ടായിരുന്നത്. ചതുർവർഷ കോഴ്സ് കഴിഞ്ഞ് 1972 ആഗസ്റ്റ് 15-ന് ഞങ്ങൾ തിരിച്ചെത്തി.

1971-ൽ ഖത്തറിലെ അൽ മഅ്ഹദുദ്ദീനിലും പിന്നീട് യു.എ.ഇയിലെ അൽമഅ്ഹദുൽ ഇൽമീ അൽ ഇസ്‌ലാമി (അൽ ഐൻ)യിലും ശാന്തപുരം വിദ്യാർഥികൾക്ക് പഠനസൗകര്യം ലഭിക്കുകയുണ്ടായി.

ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ സ്ഥാപന പശ്ചാത്തലവും പൂർവകാല സ്ഥിതികളും മുഹമ്മദ് അബുൽ ജലാൽ മൗലവി തന്നെ വിവരിക്കുന്നു: "അമ്പതുകളിൽ കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനത്തിന് വികാസം സിദ്ധിച്ചപ്പോൾ പ്രസ്ഥാനത്തിന്റെ വളർച്ചയനുസരിച്ച് ധാരാളം പണ്ഡിതന്മാരായ പ്രവർത്തകർ ആവശ്യമായി വന്നു. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് ശാന്തപുരം ഇസ്‌ലാമിയാ കോളേജ് നിലവിൽവന്നത്.... ഉത്തർപ്രദേശിലെ റാംപൂരിൽ ജമാഅത്തെ ഇസ്‌ലാമി സ്ഥാപിച്ച വിദ്യാഭ്യാസ ഗേഹത്തിന്റെ ചുവടുപിടിച്ചാണ് ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പാഠ്യപദ്ധതിക്ക് രൂപം നൽകിയത്.... ശാന്തപുരം കോളേജിൽ ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ഉസ്വൂലുകൾ, ചരിത്രം, അറബി സാഹിത്യം എന്നിവ സർവ പ്രധാനമായി പഠിപ്പിച്ചിരുന്നു. ഇതോടൊപ്പം മലയാളം, ഇംഗ്ലീഷ്, ഉർദു, ഹിന്ദി ഭാഷകളും എക്കണോമിക്സ്, പൊളിറ്റിക്സ്, ഫിലോസഫി, ഹിസ്റ്ററി എന്നിവയും പാഠ്യവിഷയങ്ങളായിരുന്നു. ഇസ്‌ലാമിക ആശയങ്ങളും ആധുനിക ഭൗതിക സിദ്ധാന്തങ്ങളും തമ്മിലുള്ള താരതമ്യപഠനത്തിന് പ്രാമുഖ്യം കൽപിച്ചിരുന്നു. ശാന്തപുരം കോളേജ് ആരംഭിച്ച ഘട്ടത്തിൽ ഒരു പ്രാഥമിക മദ്റസ നടത്താനുള്ള സൗകര്യം പോലും അവിടെയുണ്ടായിരുന്നില്ല. വളരെ പ്രയാസങ്ങൾ തരണം ചെയ്താണ് സ്ഥാപനം വളർന്നുവന്നത്. അധ്യാപകർ അർപ്പണബോധത്തോടെ വിദ്യാർഥികളിൽ ഉന്നതമായ യോഗ്യതകൾ സൃഷ്ടിക്കാൻ കഠിനാധ്വാനം ചെയ്തു. ഉന്നത നിലവാരത്തിൽ വിജ്ഞാനം നേടി ഇസ്‌ലാമിക പ്രബോധന രംഗത്തിറങ്ങണമെന്ന തീരുമാനത്തിൽ വിദ്യാർഥികൾ ആവേശഭരിതരായി പഠിച്ചുവളർന്നു. ഗവേഷണപരമായ കഴിവുകൾ വളർത്തിയെടുത്തു. ശാന്തപുരം കോളേജിൽനിന്നും അതിന്റെ മാതൃക പിന്തുടർന്ന മറ്റു സ്ഥാപനങ്ങളിൽനിന്നും ആദ്യകാലങ്ങളിൽ മികച്ച കഴിവുകളുള്ള വിദ്യാർഥികൾ പുറത്തിറങ്ങി പ്രബോധനരംഗത്ത് ശോഭിച്ചുകാണുന്നതിന്റെ പിറകിലുള്ള വസ്തുതകളാണ് മുകളിൽ പറഞ്ഞത്. മേൽപറഞ്ഞ വികാരവും ആവേശവും മങ്ങിയപ്പോൾ യോഗ്യരായ പ്രവർത്തകരെ പുറത്തിറക്കാൻ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്നു" (1992-ൽ പ്രസിദ്ധീകൃതമായ *പ്രബോധനം* ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷികപ്പതിപ്പിൽ 'വിദ്യാഭ്യാസ രംഗത്തെ വിപ്ലവം' എന്ന ശീർഷകത്തിലെഴുതിയ ലേഖനത്തിൽനിന്ന്).

## ആദ്യത്തെ വിദേശയാത്ര

ശാന്തപുരം കോളേജിന്റെ ദൈനംദിന ആവശ്യങ്ങൾ പോലും നിവർത്തിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 1970-ൽ ഇസ്‌ലാമിക് മിഷൻ ട്രസ്റ്റ് രൂപീകരിക്കുന്നത്. കോളേജിന്റെ നേരിട്ടുള്ള ഭരണം ട്രസ്റ്റിനു കീഴിലായി. സ്ഥാപനത്തിന് സ്ഥിരം വരുമാനമുണ്ടാക്കുന്നതിനെ സംബന്ധിച്ച് സജീവമായ ചർച്ച നടന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂളും *മാധ്യമം* മലപ്പുറം എഡിഷനും പ്രവർത്തിക്കുന്ന പൂപ്പലത്തെ തെങ്ങിൻതോപ്പ് വാങ്ങിയത്. വിലയായി നൽകാൻ ഒന്നുമില്ലാത്തതിനാൽ ദീർഘമായ അവധി പറഞ്ഞ് അത് വാങ്ങുകയായിരുന്നു. നാട്ടിൽനിന്നുകൊണ്ട് കടം വീട്ടാനുള്ള മാർഗമൊന്നും മുമ്പിൽ കാണാതിരുന്നതിനാൽ അബുൽ ജലാൽ മൗലവി വിദേശയാത്രയെന്ന ആശയം മുമ്പിൽ വെക്കുകയും അതിനദ്ദേഹം സ്വയം സന്നദ്ധനാവുകയും ചെയ്തു.

1970-ന്റെ ആദ്യത്തിൽ അദ്ദേഹം സുഊദി അറേബ്യയിലെത്തി. ഈയുള്ളവൻ അന്ന് മദീനാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ വിദ്യാർഥിയാണ്. കൂടെ ടി.കെ ഇബ്റാഹീം, വി.പി അഹ്മദ് കുട്ടി, എം.കെ അബ്ദുർറഹ്മാൻ തറുവായി, ഒ.പി അബ്ദുസ്സലാം, പി. കുഞ്ഞിമുഹമ്മദ് തുടങ്ങിയവരുമുണ്ടായിരുന്നു. അബുൽ ജലാൽ മൗലവിയുടെ സന്ദർശനം വിജയകരമാക്കുന്നതിനാവശ്യമായ പരിപാടികൾ ഞങ്ങൾ ആസൂത്രണം ചെയ്തു. മക്ക, മദീന, ജിദ്ദ, റിയാദ് എന്നിവിടങ്ങളിൽ പര്യടനംനടത്താനും യാത്രയിലുടനീളം എം.കെ അബ്ദുർറഹ്മാൻ തറുവായിയും ഈ ലേഖകനും മൗലവിയെ അനുഗമിക്കാനും തീരുമാനിച്ചു.

അന്ന് മദീനാ യൂനിവേഴ്സിറ്റി ചാൻസലറായിരുന്ന ശൈഖ് അബ്ദുൽ അസീസുബ്നു അബ്ദില്ലാഹിബ്നിബാസിനെയാണ് ആദ്യം സന്ദർശിച്ചത്. ഇബ്നുബാസ് മൗലവിയെ ആദരപൂർവം സ്വീകരിക്കുകയും സുഊദി അറേബ്യയിലെ പല പ്രമുഖ വ്യക്തികൾക്കും ശാന്തപുരം കോളേജിനെ പരിചയപ്പെടുത്തിക്കൊണ്ട് എഴുത്ത് നൽകുകയും ചെയ്തു. യൂനിവേഴ്സിറ്റിക്ക് കീഴിലുള്ള കുല്ലിയത്തുദ്ദഅ്‌വ വ ഉസ്വൂലിദ്ദീൻ, കുല്ലിയത്തുശ്ശരീഅ എന്നീ ഫാക്കൽറ്റികളുടെ ഡീനുമാരുമായും ആശയവിനിമയം നടത്തി. ഇറാഖിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തകനും ഞങ്ങളുടെ സഹപാഠിയുമായിരുന്ന അബ്ദുസ്സത്താർ അൽഖുദ്സി മദീനയിലെ ഇസ്‌ലാമിക പ്രവർത്തകരുടെ ഒരു യോഗം വിളിച്ചുകൂട്ടി. അതിൽ അബുൽ ജലാൽ മൗലവിയെ പങ്കെടുപ്പിക്കുകയും അവർ ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുകയും ചെയ്തു. മൗലവിയുടെ പര്യടനം വിജയിപ്പിക്കുന്നതിൽ അവർ പരമാവധി സഹകരിച്ചു.

ഇറാഖുകാരനും പ്രമുഖ ഇസ്‌ലാമിക പ്രബോധകനുമായ ഡോ. സ്വാലിഹ് സാമുർറായി റിയാദിലെ ഇഖ്‌വാൻ പ്രവർത്തകരുടെ യോഗം വിളിച്ചുകൂട്ടി. യൂനിവേഴ്സിറ്റി പ്രഫസർമാരും ഉയർന്ന ഉദ്യോഗസ്ഥരുമടങ്ങിയ പ്രമുഖരുടെ സദസ്സ്. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങളെക്കുറിച്ച് അവർ താൽപര്യപൂർവം അന്വേഷിച്ചുകൊണ്ടിരുന്നു. അബുൽ ജലാൽ മൗലവി അതിന് സമുചിതമായ മറുപടി നൽകി.

ഈജിപ്ത്, സിറിയ, ഇറാഖ് എന്നിവിടങ്ങളിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തകർ ക്രൂരമായ മർദന പീഡനങ്ങൾക്കിരയാവുന്ന കാലമായതിനാൽ അവിടെനിന്നുള്ള ധാരാളം നേതാക്കളും പ്രവർത്തകരും സുഊദി അറേബ്യയിൽ അഭയം പ്രാപിച്ചിരുന്നു. സുഊദുബ്നു അബ്ദിൽ അസീസ് രാജാവും ഫൈസൽ രാജാവും അവർക്ക് താമസസൗകര്യം നൽകിയെന്നു മാത്രമല്ല, യൂനിവേഴ്സിറ്റികളിലും മന്ത്രാലയങ്ങളിലും ഉന്നത ഉദ്യോഗങ്ങളും നൽകിയിരുന്നു. അവരിൽ പലരെയും അബുൽ ജലാൽ മൗലവി പരിചയപ്പെടുകയും വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ശൈഖ് മന്നാഉൽഖത്ത്വാൻ (ഈജിപ്ത്), ശൈഖ് അബ്ദുൽ ഫത്താഹ് അബൂഗുദ്ദഃ, ശൈഖ് മുഹമ്മദ് അൽ മുബാറക്, ശൈഖ് മുഹമ്മദലി അസ്സ്വാബൂനി (സിറിയ) എന്നിവർ അവരിൽ ചിലരാണ്. റിയാദിലെ കുല്ലിയത്തുശ്ശരീഅ പ്രിൻസിപ്പൽ ശൈഖ് അബ്ദുല്ലാഹ് അബ്ദുൽ മുഹ്സിൻ അത്തുർക്കി, കുല്ലിയത്തുല്ലുഗ

ത്തിൽ അറബിയ്യ പ്രിൻസിപ്പൽ ശൈഖ് അബ്ദുല്ലാഹ് അൽ ഫൻതൂഖ് എന്നീ സുഊദി പണ്ഡിതന്മാരും മൗലവി സന്ദർശിച്ചവരിൽ പെടുന്നു (ശൈഖ് അബ്ദുൽ ഫത്താഹ് അബൂ ഗുദ്ദഃ, ശൈഖ് അബ്ദുല്ലാഹ് അൽഫൻതൂഖും 1974 നവംബർ 8-10 തീയതികളിൽ ദൽഹിയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സമ്മേളനത്തിലും ശൈഖ് അബ്ദുല്ലാഹ് അബ്ദുൽ മുഹ്സിൻ അത്തുർക്കി 1981 ഫെബ്രുവരി 20-23 തീയതികളിൽ ഹൈദറാബാദിൽ നടന്ന അഖിലേന്ത്യാ സമ്മേളനത്തിലും പങ്കെടുത്തിട്ടുണ്ട്).

മക്കയിലെ റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി, രിയാദിലെ അൽമഅ്ഹദുൽ ആലീ ലിൽ ഖദാഅ്, ഇമാം മുഹമ്മദുബ്നു സുഊദ് യൂനിവേഴ്സിറ്റി എന്നിവ അബുൽ ജലാൽ മൗലവി പര്യടനവേളയിൽ സന്ദർശിച്ചു.

ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രമുഖ നേതാവും ഇമാം ഹസനുൽ ബന്നായുടെ ജാമാതാവുമായ ഡോ. സഈദ് റമദാനുമായി രിയാദിൽ വെച്ച് പരിചയപ്പെടാനും സാധിച്ചു.

### ഫൈസൽ രാജാവുമായി കൂടിക്കാഴ്ച

അബുൽ ജലാൽ മൗലവിയുടെ പര്യടനവേളയിലെ അവിസ്മരണീയ സംഭവമായിരുന്നു ഫൈസൽ രാജാവുമായുള്ള കൂടിക്കാഴ്ച. മദീനയിലെ ഒരു പ്രമുഖ വ്യക്തി രാജാവിന്റെ അഡ്വൈസറായിരുന്ന ഡോ. മഅ്റൂഫുദ്ദവാലീബിക്ക് നൽകിയ ഒരെഴുത്താണ് കൂടിക്കാഴ്ച അനായാസമാക്കിയത്. അബ്ദുർറഹ്മാൻ തറുവായിയും ഈയുള്ളവനും മൗലവിയുടെ കൂടെയുണ്ടായിരുന്നു. ശാന്തപുരം കോളേജിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള എഴുത്ത് ഫൈസൽ രാജാവിന് നൽകി. അദ്ദേഹം കേരളത്തിലെ ഇസ്‌ലാമിക പ്രവർത്തനങ്ങളെക്കുറിച്ചും കോളേജിനെക്കുറിച്ചും വിശദമായി അന്വേഷിച്ചു. ഇസ്‌ലാമിക സേവനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഫൈസൽ രാജാവുമായുള്ള കൂടിക്കാഴ്ച അബുൽ ജലാൽ മൗലവിയുടെ പര്യടനദൗത്യം പൂർത്തീകരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുകയുണ്ടായി.

രിയാദ് ഗവർണർ സൽമാനുബ്നു അബ്ദിൽ അസീസ് രാജകുമാരൻ, വിദ്യാഭ്യാസ മന്ത്രി ശൈഖ് ഹസൻ അബ്ദുല്ല ആലുശ്ശൈഖ് തുടങ്ങി ഭരണരംഗത്തെ പല പ്രമുഖ വ്യക്തികളുമായും മൗലവി കൂടിക്കാഴ്ചകൾ നടത്തി.

അബുൽ ജലാൽ മൗലവിയുടെ പര്യടനം പൂർണ വിജയമായിരുന്നു. ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിച്ചു എന്നു മാത്രമല്ല പുതിയ പല സാധ്യതകളുടെയും കവാടം തുറക്കപ്പെടുകയും ചെയ്തു.

### തൂലികാകാരൻ

കൃതഹസ്തനായ തൂലികാകാരനും സവിശേഷ ശൈലിയുടെ ഉടമയുമായിരുന്നു അബുൽ ജലാൽ മൗലവി. *പ്രബോധന*ത്തിന്റെ ആദ്യകാല ലക്കങ്ങളിൽ അദ്ദേഹത്തിന്റെ രചനകൾ കാണാം. പി. മുഹമ്മദ് മൗലവി (കൊറ്റ്യോട്) എന്ന പേരിലാണ് അദ്ദേഹം ലേഖനങ്ങൾ എഴുതിയിരുന്നത്. നല്ല പരിഭാഷകനും പ്രസംഗ സംഗ്രഹകനുമായിരുന്നു മൗലവി. ഉർദുവിൽനിന്ന് അദ്ദേഹം പരിഭാഷപ്പെടുത്തിയ *ശിർക്ക് അഥവാ ബഹുദൈവത്വം, ഇസ്‌ലാമും സംഘടിത ജീവിതവും* എന്നീ പുസ്തകങ്ങൾ അയത്നലളിതമാണ്.

എ.എം. അബൂബക്കർ സാഹിബ് ഒരു സംഭവം ഓർക്കുന്നു: "1954 സെപ്റ്റംബർ 17-ന് വണ്ടൂരിൽ വെച്ച് മഞ്ചേരി ഫർക്കാ സമ്മേളനം നടന്നു. അബുൽ ജലാൽ മൗലവിയാണ് അത് നിയന്ത്രിച്ചിരുന്നത്. ഹാജി സാഹിബ് ആ യോഗത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ പരിചയപ്പെടുത്തി സുദീർഘമായ ഒരു പ്രസംഗം ചെയ്തു. അബുൽ ജലാൽ മൗലവി അത് സംഗ്രഹിച്ച് *പ്രബോധന*ത്തിൽ ഒരു ലേഖനമെഴുതുകയുണ്ടായി. മൗലവിയുടെ ഗ്രാഹ്യശേഷിയും രചനാ പാടവവും വിളിച്ചറിയിക്കുന്നതായിരുന്നു ലേഖനം. കാര്യങ്ങളുടെ കഴമ്പ് സ്വാംശീകരിക്കാൻ അപാരമായ കഴിവായിരുന്നു അദ്ദേഹത്തിന്."

മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്‌ലാമിയുടെ കീഴിലുള്ള മദ്റസകൾക്കുവേണ്ടി മൗലവി തയാറാക്കിയ പാഠപുസ്തകങ്ങൾ കുട്ടികൾക്കും സാധാരണക്കാർക്കും ഒരുപോലെ പ്രയോജനപ്രദമാണ്.

ഐ.പി.എച്ചിന്റെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ ചുമതല വഹിച്ചുകൊണ്ട് ഏതാനും വർഷങ്ങൾ അബുൽ ജലാൽ മൗലവി പ്രവർത്തിക്കുകയുണ്ടായി. എന്നാൽ കൈകൊണ്ട് എഴുതാനുള്ള പ്രയാസം കാരണം അദ്ദേഹത്തിന് ആ ചുമതല തുടർന്ന് നിർവഹിക്കാൻ സാധിക്കാതെ വരികയാണുണ്ടായത്. മൗലവി ശാന്തപുരം കോളേജിന്റെ പ്രിൻസിപ്പലായി സേവനം ചെയ്യുന്ന കാലത്തുതന്നെ കൈയെഴുത്തിന് പ്രയാസമുണ്ടായിരുന്നു. പറഞ്ഞുകൊടുത്ത് എഴുതിക്കുകയായിരുന്നു പതിവ്. വർഷങ്ങളോളം ഈയുള്ളവൻ മൗലവിയുടെ കത്തെഴുത്തുകാരനായിരുന്നു.

ഐ.പി.എച്ചിൽ പ്രവർത്തിക്കുന്ന കാലത്ത് ഒരു പകർത്തിയെഴുത്തുകാരനെ സഹായിയായി ലഭിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ചിന്തകൾ കുറേകൂടി പ്രസ്ഥാനത്തിന് പകർന്നുകിട്ടുമായിരുന്നു.

### ഇലാഹിയാ കോളേജ് പ്രിൻസിപ്പൽ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ ഉത്തരവാദിത്വം ഒഴിവായ ശേഷം അബുൽ ജലാൽ മൗലവിയുടെ പ്രധാന സേവന കേന്ദ്രമായിരുന്നു തിരൂർക്കാട് ഇലാഹിയാ കോളേജ്. 1967-ൽ കോളേജ് ഉദ്ഘാടനം ചെയ്യപ്പെട്ടതു മുതൽ 1978 വരെ സ്ഥാപനത്തിന്റെ പ്രിൻസിപ്പലായിരുന്ന എ. മുഹമ്മദ് മൗലവി അബുൽ ജലാൽ മൗലവി തിരൂർക്കാട്ട് വന്ന പശ്ചാത്തലം വിവരിച്ചുകൊണ്ട് പറഞ്ഞു: "ഇലാഹിയാ കോളേജ് പത്തു വർഷം പിന്നിട്ടപ്പോൾ സ്ഥാപനം കുറേകൂടി ഉന്നത നിലവാരം പുലർത്തുന്ന കോളേജായി വളരേണ്ടതുണ്ടെന്നും അതിന് കൂടുതൽ യോഗ്യനായ ഒരാളെ പ്രിൻസിപ്പലായി കൊണ്ടുവരണമെന്നുമുള്ള നിർദേശം കമ്മിറ്റിയിൽ വെച്ചു. വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും പ്രമുഖ പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനുമായ അബുൽ ജലാൽ മൗലവിയെ ക്ഷണിക്കാൻ തീരുമാനിക്കുകയും ചെയ്തു. മൗലവി പ്രത്യേക ഉത്തരവാദിത്വങ്ങളൊന്നുമില്ലാതെ വീട്ടിൽ കഴിയുന്ന കാലമായിരുന്നു അത്. വീട്ടിൽ ചെന്ന് കണ്ടപ്പോൾ ക്ഷണം സ്വീകരിക്കുകയും വരാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. 1976-ൽ അബുൽ ജലാൽ മൗലവി ഇലാഹിയാ കോളേജിൽ സേവനമാരംഭിച്ചുവെങ്കിലും 1978-ലാണ് പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുത്തത്. അതുവരെ ഈയുള്ളവൻതന്നെ പ്രിൻസിപ്പലായി തുടർന്നു."

അബുൽ ജലാൽ മൗലവിയുടെ സേവനങ്ങൾ വിശദീകരിച്ചുകൊണ്ട് എ. മുഹമ്മദ് മൗലവി തുടർന്നു: "പതിനൊന്നു വർഷം മൗലവി ഇലാഹിയാ കോളേജിൽ സേവനമനുഷ്ഠിച്ചു. അതിനിടയിൽ സ്ഥാപനത്തിന്റെ വളർച്ചക്ക് അക്ഷീണം യത്നിക്കുകയും സ്ഥാപനത്തെ ഇന്നു കാണുന്ന അവസ്ഥയിലെത്തിക്കുന്നതിൽ നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്തു.

"സ്ഥാപനത്തിന്റെ ബഹുമുഖ പുരോഗതി ലക്ഷ്യം വെച്ച് ഗൾഫ്നാടുകളിൽ അഞ്ചു മാസം നീണ്ടുനിന്ന ഒരു പര്യടനം നടത്തി. 1977 ഒക്ടോബർ 20-ന് ആരംഭിച്ച പര്യടനം 1978 മാർച്ച് 17-നാണ് അവസാനിച്ചത്. ഈയുള്ളവനും മൗലവിയുടെ സഹയാത്രികനായുണ്ടായിരുന്നു. സുഊദി അറേബ്യ, കുവൈത്ത്, ഖത്തർ, യു.എ.ഇ എന്നീ നാടുകളാണ് ആ യാത്രയിൽ സന്ദർശിച്ചത്. സുഊദി അറേബ്യയിലെ ശൈഖ് ഇബ്നുബാസ്, ഖത്തറിലെ ഖാദീ മഹ്മൂദ്, ശൈഖ് ഇബ്നു ഹജർ തുടങ്ങിയ ഉന്നത വ്യക്തികളുമായി കൂടിക്കാഴ്ച നടത്താനും മക്കയിലെ റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി, കുവൈത്തിലെ ജംഇയ്യത്തുൽ ഇസ്‌ലാഹിൽ ഇജ്തിമാഈ എന്നിവ സന്ദർശിക്കാനും ഈ യാത്രയിൽ സാധിച്ചു. അറബ്നാടു

കളിലെ ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തകരുമായി കൂടിക്കാഴ്ചകൾ നടത്തിയതിനു പുറമെ ഗൾഫിലെ മലയാളികളായ പ്രസ്ഥാന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ച സ്വീകരണയോഗങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു.

"വിദേശ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ശേഷമാണ് അബുൽ ജലാൽ മൗലവി ഇലാഹിയാ കോളേജ് പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുത്തത്. മൗലവി തിരൂർക്കാട്ട് വന്നതിനു ശേഷം സ്ഥാപനത്തിന് വിവിധ മേഖലകളിൽ പ്രസ്താവ്യമായ പുരോഗതിയുണ്ടായി. 1978-ൽ സ്ഥാപിതമായ ഇസ്‌ലാമിക് വിമൻസ് കോളേജ്, 1983-ൽ ആരംഭം കുറിച്ച ഇസ്‌ലാമിക് റസിഡൻഷ്യൽ ഗേൾസ് സ്കൂൾ, ഹമദ് ഐ.ടി.സി, മദ്റസത്തു തഹ്ഫീളിൽ ഖുർആൻ, മൂവായിരം പേർക്ക് ഒരേസമയം നമസ്കരിക്കാൻ വിശാലമായ പള്ളി എന്നിവ മൗലവിയുടെ സാന്നിധ്യത്തിൽ ഉയിർക്കൊണ്ട സ്ഥാപനങ്ങളാണ്.

"അബുൽ ജലാൽ മൗലവി തിരൂർക്കാട് കോളേജിൽ പ്രിൻസിപ്പൽ സ്ഥാനമേറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞ് പ്രമുഖ പണ്ഡിതനായിരുന്ന എൻ. മുഹമ്മദ് ശരീഫ് മൗലവിയും ഇലാഹിയാ കോളേജിലെത്തി. ഇലാഹിയാ സ്ഥാപനങ്ങളുടെ പുരോഗതിയും വികാസവും പരിഗണിച്ച് അവയുടെ ഭദ്രവും വ്യവസ്ഥാപിതവുമായ നടത്തിപ്പിനു വേണ്ടി 1981-ൽ തിരൂർക്കാട് നുസ്റത്തുൽ ഇസ്‌ലാം ട്രസ്റ്റ് രൂപീകൃതമായി. അതിന്റെ ചെയർമാൻ ശരീഫ് മൗലവിയായിരുന്നു. 1987-ൽ അബുൽ ജലാൽ മൗലവി സ്ഥാനമൊഴിയുന്നതുവരെ പ്രിൻസിപ്പലിന്റെയും ചെയർമാന്റെയും കൂട്ടായ നേതൃത്വത്തിനു കീഴിലാണ് കാര്യങ്ങൾ നടന്നിരുന്നത്. അബുൽ ജലാൽ മൗലവി ഭരണസാരഥ്യമേറ്റെടുത്ത കാലം ഇലാഹിയാ കോളേജിന്റെ ചരിത്രത്തിലെ സുവർണ്ണ കാലമായിരുന്നു. അക്കാദമിക പുരോഗതിയുണ്ടായി. അറബിഭാഷാ പഠനത്തിൽ കൂടുതൽ ശ്രദ്ധിച്ചു. അറബ്നാടുകളുമായും അവിടങ്ങളിലെ വിവിധ വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങളുമായും ഇഴമുറിയാത്ത ബന്ധമുണ്ടായി. പല അറബ് പ്രതിനിധി സംഘങ്ങളും സ്ഥാപനം സന്ദർശിച്ചു."

അബുൽ ജലാൽ മൗലവിയുടെ സേവനനിരതമായ ജീവിതത്തിന്റെ അവസാന തട്ടകം പെരുമ്പിലാവിലെ അൻസ്വാറായിരുന്നു.

ധാരാളം ശിഷ്യഗണങ്ങളെയും ഉയർന്നു നിൽക്കുന്ന സ്ഥാപനങ്ങളെയും അവശേഷിപ്പിച്ചുകൊണ്ടാണ് മൗലവി നശ്വരമായ ഈ ലോകത്തോട് വിടപറഞ്ഞത്. അദ്ദേഹത്തിന്റെ വീഴ്ചകളും പാപങ്ങളും പൊറുത്ത്, പരമകാരുണികനായ അല്ലാഹു അദ്ദേഹത്തിന് ശാശ്വത പാരത്രിക ലോകത്ത് ജന്നാത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകുമാറാവട്ടെ-ആമീൻ.